ന്മാരുമായി കഴിയുമെങ്കിൽ അടുത്ത ആഴ്ച തന്നെ ഒരു ദിവസം ഇരുന്ന് ചർച്ച ചെയ്യാവുന്നതാണ്. കാര്യങ്ങളെന്താണെന്ന് അന്വേഷിക്കാം.

(13) കോഴിക്കോട് മെഡിക്കൽ കോളേജിൽ മരുന്നുകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

<u>ശ്രീ. സി. മോയിൻകുട്ടി</u> . സർ, ഒരു കോടിയോളം വരുന്ന നിരവധി ജില്ലകളിലെ ആളുകളുടെ പ്രശ്നമായ മരുന്നിന്റെ ദൗർലഭ്യത്തെക്കുറിച്ചാണ് എനിക്ക് ഗൗരവമായി സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മരുന്ന് വാങ്ങാൻ ഇന്റന്റ് നൽകി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. പക്ഷേ മാർച്ചിൽ ലഭിക്കേണ്ട മരുന്നിന് മാർച്ചിൽ തന്നെ ഇന്റന്റ് നൽകിയതാണ്. ഏപ്രിലിൽ പോലും മരുന്ന് എത്തിയിട്ടില്ല. ലോക്കൽ പർച്ചേസിൽ വന്നിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ചൊക്കെ നിരവധി തവണ പത്രത്തിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. 1998 ഡിസംബറിലാണ് മരുന്ന് ലാസ്റ്റിൽ എത്തിയിട്ടുള്ളത്. അതിനു ശേഷം മരുന്ന് എത്തിയിട്ടില്ല. സി.പി.സി ഇന്റന്റ് അയച്ചു എന്നുള്ളത് ശരിയാണ്. പക്ഷെ വില കൂടിയ മരുന്നുകളൊന്നും അവിടെയില്ല. സാധനങ്ങളൊന്നും എത്തിയിട്ടില്ല. 1200 രൂപയുടെ Ultravist പോലെയുള്ള മരുന്നുകളൊക്കെ മെഡിക്കൽ കോളേജിൽ ലഭിക്കുന്നു എന്ന് പറയപ്പെടുന്നുണ്ടെങ്കിൽത്തന്നെയും അവിടെ രോഗികൾക്ക് കിട്ടുന്നില്ല. ആറു ലക്ഷത്തോളം വരുന്ന ബിസിനസ്സാണ് ഒൻപത് മരുന്നുകടകളിലായി പരിസരത്ത് നടക്കുന്നത്. അതൊക്കെതന്നെ മെഡിക്കൽ കേളേജിലെ മരുന്നുമായി ബന്ധപ്പെട്ടുള്ള, ചീഞ്ഞുനാറിയ കഥകളെക്കുറിച്ചാണ് പറയുവാനുള്ളത്. നിരവധി തവണ അവിടെ കളവുകൾ നടന്നു. നൂലു പോയി, മരുന്നുപോയി അങ്ങനെ നിരവധി സംഭവങ്ങൾ. അത് സംബന്ധിച്ചൊന്നും വ്യക്തമായ ഒരു നിർദ്ദേശവും ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നുണ്ടാകുന്നില്ല. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് മെഡിക്കൽ കോളേജിലെ പാവപ്പെട്ട രോഗികൾക്ക് വാണം പോലെ കുതിച്ചുയരുന്ന വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി ഒരുപരിധിവരെ ആശ്വാസമായിരുന്നു, പരിഹാരമായിട്ടുള്ള ഒരു ന്യായവില മരുന്നു കട ഇവിടെയുണ്ട്. അതല്ലാതെ മറ്റ് സംവിധാനമൊന്നുമില്ല. മരുന്ന് കിട്ടുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ നടപടികളുണ്ടാകണം. ഒരു കോടിയോളം രൂപയുടെ മരുന്ന് ലാപ്സായിപ്പോയി എന്നാണ് പറയുന്നത്. അത് സംബന്ധിച്ചു കൂടി ഈ സന്ദർഭത്തിൽ മറുപടി നൽകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. എ.സി. ഷൺമുഖദാസ്)</u> : സർ, ആയിരക്കണക്കിന് രോഗികൾ വരുന്നതാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. അനുവദിക്കപ്പെട്ട കിടക്ക 1470 ആണെങ്കിലും ശരാശരി ഏറ്റവും ചുരുങ്ങിയത് ദിവസം 1750 രോഗികളെങ്കിലും അവിടെ ഉണ്ടാകാറുണ്ട്. അതുപോലെതന്നെ ഐ.എം.സി.എച്ച്-ൽ 730 കിടക്കകളാണ് ഉള്ളത്. അവിടെ വരുന്ന രോഗികൾ 1100 ആണ്. കഴിഞ്ഞ വർഷമുണ്ടായ പ്രസവം 27000 ആണ്. രണ്ടു സ്ഥാപനങ്ങളിലുമായി ദിവസവും ശരാശരി 1200, 1300 രോഗികൾ ഒ.പി. യിൽ ചികിത്സയ്ക്കു വരുന്നുണ്ട്. ആവശ്യമായ മരുന്നുകളുടെ ദൗർലഭ്യം കൂടാതെ യഥാസമയം പാവപ്പെട്ട രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ മരുന്നിന് ദൗർലഭ്യമുണ്ട് എന്നത് പൂർണ്ണമായി ശരിയല്ല. എന്നാൽ അപൂർവ്വം ചില മരുന്നുകൾ ചില അവസരങ്ങളിൽ ലഭ്യമാ

LIBRARY ARCHIVES Kerala Legislative Assembly

കാതെ വരുന്നുണ്ട്. സി.പി.സി.വഴിയാണ് ആശുപത്രിക്കാവശ്യമായ ഭൂരിപക്ഷം മരുന്നുകളും ലഭ്യമാക്കുന്നത്. മരുന്നുകളുടെ ഇന്റന്റ് യഥാസമയം കമ്പനികൾക്ക് നൽകുകയും കമ്പനികൾ അവ ലഭ്യമാക്കുകയും ചെയ്യുന്നു. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ സപ്ലൈ ലഭിക്കാൻ കാലതാമസമുണ്ടാകാറുണ്ട്. ഇത്തരം സന്ദർഭത്തിൽ രോഗികളുടെ താത്പര്യം മുൻനിർത്തി ആവശ്യമായ നടപടിക്രമം പാലിച്ചുകൊണ്ടു തന്നെ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ മരുന്ന് ലോക്കൽ പർച്ചേസ് നടത്താനുള്ള കാശ് അവിടെ കൊടുത്തിട്ടുണ്ട്. എച്ച്.ഡി.സി വഴിയും ചില ഘട്ടത്തിൽ മരുന്നുവാങ്ങാനുള്ള അധികാരം ആശുപത്രി അധികൃതർക്ക് നൽകിയിട്ടുണ്ട്. ഇവിടെ അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം ആയിരം-ആയിരത്തിഅഞ്ഞൂറുരൂപ വില വരുന്ന മരുന്ന് പലതും സി.പി.സി. ലിസ്റ്റിൽ ഇല്ല. അത് പുറത്തു നിന്ന് എടുക്കേണ്ടി വരും. അത് ഇപ്പോൾ തുടങ്ങിയതല്ല. കഴിഞ്ഞ കുറേ കൊല്ലങ്ങളായി മരുന്നുകളെ സംബന്ധിച്ചിടത്തോളം ഒരു ലിസ്റ്റ് വച്ച് ആ ലിസ്റ്റിലെ മരുന്നേ കൊടുക്കുന്നുള്ളു. ചില മരുന്നുകൾ പിന്നീട്, പാവപ്പെട്ട രോഗികളാണെങ്കിൽ എച്ച്.ഡി.സി. യോ, ലോക്കൽ പർച്ചേസിലോ സി.പി.സി. രജിസ്റ്ററിൽ ഇല്ലെങ്കിലും വാങ്ങാനുള്ള നടപടി പൂർത്തീകരിക്കാറുണ്ട്. കഴിഞ്ഞ ഒരു വർഷത്തെ കണക്ക് പരിശോധിച്ചപ്പോൾ ഒരു ലക്ഷം രൂപയുടെ മരുന്ന് മെഡിക്കൽ കോളേജിലും 30,000 രൂപയുടെ മരുന്ന് മെഡിക്കൽ ഐ.എം.സി.എച്ച്.ലും ലോക്കൽ പർച്ചേസ് വഴി വാങ്ങിയിട്ടുണ്ട്. കൂടാതെ എച്ച്.ഡി.സി. വഴിയും ചില അവസരങ്ങളിൽ മരുന്ന് ധാരാളമായി ലഭ്യമാക്കുന്നുണ്ട്. ഇപ്പോൾ മരുന്നിന്റെ സ്റ്റോക്ക് തൃപ്തികരമാണ്. ഡി.പി.സി. രജിസ്റ്ററിലുള്ള മിക്കവാറും എല്ലാ മരുന്നുകൾക്കും ഗവൺമെന്റ് നിശ്ചയിച്ച മരുന്നുകൾ-വ്യക്തതയുണ്ടാക്കുന്നതിനു വേണ്ടി ഒരു ഡ്രഗ് ഫോർമുലറി ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ആ ഡ്രഗ് ഫോർമുലറി പ്രസിദ്ധീകരണവും ട്രെയിനിംഗുമൊക്കെ കൊടുക്കുകയാണ്. സർജറിയിലേയും മെഡിക്കലിലേയും ഏറ്റവും എക്സ്പെർട്ട് ആയിട്ടുള്ള ഡോക്ടർമാരെവച്ച് ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഇന്ത്യയിൽ ആദ്യത്തെ ശ്രമമാണ്. ആ ഡ്രഗ് ഫോർമുലറിയുടെ അടിസ്ഥാനത്തിൽ അത്യാവശ്യം മരുന്നുകൾ പാവപ്പെട്ടവർക്ക് ലഭ്യമാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഈ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധനൽകിയിട്ടുണ്ട്. ലോക്കൽ പർച്ചേസ് വഴി മരുന്നു വാങ്ങുമ്പോൾ അത് നിയമാനുസൃതമായിരിക്കണം. സ്റ്റോർ പർച്ചേസ് വ്യവസ്ഥ പ്രകാരമായിരിക്കണം. മരുന്നുകൾ എക്സ്പയറി ഡേറ്റ് കഴിയുന്നുവെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി, ചില മരുന്നുകളുടെ എക്സ്പയറിയെ സംബന്ധിച്ചിടത്തോളം വാങ്ങിവച്ചാലും ചിലപ്പോൾ ആവശ്യമില്ലാതെ വരുമ്പോൾ അത്തരം ഘട്ടങ്ങളിൽ എക്സ്പയറി ആകും. ആവശ്യമുള്ളത്ര മരുന്നുകളേ സ്റ്റോക്ക് ചെയ്യാൻ പാടുള്ളുവെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തി തീരുമാനമെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

(14) നെൻമാറ ഗവൺമെന്റ് ആശുപത്രികളുടെ ശോച്യാവസ്ഥ

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : സർ, നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു ആതുരശുശ്രൂഷാലയമാണ് നെൻമാറയിൽ ഇന്ന് പ്രവർത്തിക്കുന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വന്നപ്പോൾ മുൻപുണ്ടായിരുന്ന സൗകര്യങ്ങൾപോലും ലഭ്യമല്ലാത്ത ഒരു സ്ഥിതിയിലേക്കാണ് എത്തിയിട്ടുള്ളത്. മുൻപ്

LIBRARY ARCHIVES Kerala Legislative Assembly